# റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ

www.rbi.org.in

## എക്സിക്യൂട്ടീവ് ഡയറക്ടര്‍

## നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനികളുടെ ഓംബുഡ്സ്മാന്‍ സ്കീം 2018

## നോട്ടിഫിക്കേഷന്‍

സിഇപിഡി. പിആര്‍എസ്. നമ്പര്‍ 4535/13.01.004/2018-19

ഏപ്രില്‍ 26, 2019

(ആര്‍ബിഐ) നിയമം 1934 വകുപ്പ് 45 – ഐ (എഫ്) ല്‍ പറഞ്ഞിട്ടുള്ളതുപോലെ ആര്‍ബിഐ നിയമം വകുപ്പ് 45 ഐഎ പ്രകാരം ആര്‍ബിഐയില്‍ രജിസ്ററര്‍ ചെയ്തിട്ടുള്ള നിക്ഷേപം സ്വീകരിക്കാനായി ചുമതലപ്പെടുത്തിയിട്ടുള്ള നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനികള്‍ക്ക് 2018 ഫെബ്രുവരി 23 നോട്ടിഫിക്കേഷന്‍ സിഇപിഡി. പിആര്‍എസ്. നമ്പര്‍ 3590/13.01.004/2017-18 പ്രകാരം 'ഓംബുഡ്സ്മാന്‍ സ്കീം ഫോര്‍ നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനി' നടപ്പാക്കിയിട്ടുണ്ട്. ഇത്നടപ്പാക്കിയുള്ള അനുഭവത്തിന്‍റെ വെളിച്ചത്തില്‍ മററ് എന്‍ ബി എഫ് സികള്‍ക്കുകൂടി ഇത് നടപ്പാക്കേണ്ടതുണ്ട്. 2019 ഏപ്രില്‍ 4 ലെ ധനനയപ്രസ്താവനയിലെ വികസന-നിയന്ത്രണപ്രസ്താവനയിലെ പാര 11 ല്‍ പ്രഖ്യാപിച്ച പോലെ മേല്‍സൂചിപ്പിച്ച നോട്ടിഫിക്കേഷനില്‍ ഭാഗികമായ ഭേദഗതിയോടെ ആര്‍ബിഐ താഴെപറയുന്ന മാര്‍ഗ്ഗനിര്‍ദ്ദേശം നല്‍കിയിരിക്കുന്നു. ആര്‍ബിഐ) നിയമം 1934 വകുപ്പ് 45 – ഐ (എഫ്) ല്‍ പറഞ്ഞിട്ടുള്ളതുപോലെ ആര്‍ബിഐ നിയമം വകുപ്പ് 45 ഐഎ പ്രകാരം ആര്‍ബിഐയില്‍ രജിസ്ററര്‍ ചെയ്തിട്ടുള്ള നിക്ഷേപം സ്വീകരിക്കാനായി ചുമതലപ്പെടുത്തിയിട്ടുള്ള നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനികള്‍, മുന്‍വര്‍ഷത്തെ ആഡിററ് പ്രകാരം 100 കോടിരൂപയോ, അതില്‍കൂടുതലോ ആസ്തിവലിപ്പമുള്ള, നിക്ഷേപം വാങ്ങാന്‍ അധികാരമില്ലാത്ത ഇടപാരുകാരുമായി ബന്ധപ്പെടുന്ന നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനികള്‍, ആര്‍ബിഐ നിര്‍ദ്ദേശിക്കുന്ന ഇതുപോലുള്ള ആസ്തിവലിപ്പമുള്ളവ ഇവയെല്ലാം ഈ നിയമത്തിന്‍റെ പരിധിയില്‍ വരുന്നതാണ്. അവര്‍ക്ക് നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനികളുടെ ഓംബുഡ്സ്മാന്‍ സ്കീം 2018 ബാധകമാണ്.

2. നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനി – ഇന്‍ഫ്രാസ്ട്രക്ചര്‍ ഫിനാന്‍സ് കമ്പനി (എന്‍ ബി എഫ് സി-ഐ എഫ് സി), കോര്‍ ഇന്‍വെസ്ററ്മെന്‍റ് കമ്പനി (സിഐസി), ഇന്‍ഫ്രാസ്ട്രക്ചര്‍ ഡെററ് ഫണ്ട് - നോണ്‍ ബാങ്കിങ് ഫിനാന്‍സ് കമ്പനി (ഐ ഡി എഫ് - എന്‍ ബി എഫ് സി), ലികിഡിഡോഷനിലുള്ള എന്‍ബിഎഫ് സി ഇവയെ ഈ പദ്ധതിയുടെ പരിധിയില്‍നിന്ന് മാററിയിരിക്കുന്നു.

3. ഇക്കാര്യത്തിൽ മുഴുവൻ രാജ്യത്തേയും കാര്യങ്ങൾ ചെന്നൈ, കൊൽക്കത്ത, മുംബയ്, ന്യൂഡൽഹി എന്നിവിടങ്ങളിൽ അതാതു മേഖലളിലെ പരാതികൾ കൈകാര്യം ചെയ്യാൻ സ്ഥാപിച്ചിട്ടുള്ള ഈ പദ്ധതി നോൺ ബാങ്കിങ് ഫിനാൻസ് കമ്പനികളുടെ ഓംബുഡ്സ്മാൻറെ ഓഫീസുകൾ കൈകാര്യം ചെയ്യും. ഈ പദ്ധതിയുടെ അനുബന്ധത്തിൽ ഈ ആഫീസുകളുടെ പ്രവർത്തനമേഖലാപരിധി സൂചിപ്പിച്ചിട്ടുണ്ട്.

4. നിക്ഷേപം സ്വീകരിക്കാത്ത നോൺ ബാങ്കിങ് ഫിനാൻസ് കമ്പനികൾക്ക് 2019 ഏപ്രിൽ 26 മുതൽ ഈ പദ്ധതി ബാധകമായിരിക്കും.

(ഒപ്പ്)

**സുരേഖ മറാണ്ടി**